പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3519

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | ഉത്തരം. |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനും തോടുകളുടെ സംരക്ഷണത്തിനും നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയെന്നും ഒരോ പദ്ധതിയിലും പ്രോജക്ടുകൾ സമർപ്പിക്കുന്നതിന്റെ മാനദണ്ഡമെന്തെന്നും വിശദമാക്കാമോ? | ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500ൽ അധികം ജനസംഖ്യയുള്ള ആവാസകേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മീ. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ് വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്). കൂടുതൽ ആളുകൾക്ക്/ആവാസകേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻ ഗണന.<br>ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.<br>ഈ പദ്ധതി പ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി |

| | |
|---|---|
| | ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം. |

സെക്ഷൻ ഓഫീസർ